പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2430** **23-02-2026-ൽ മറുപടിയ്ക്ക്**

**ധനദൃഢീകരണ പ്രവർത്തനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. വി. ആർ. സുനിൽകുമാർ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. സി. സി. മുകുന്ദൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** റവന്യൂ വരുമാനം സമാഹരിക്കുന്നതിൽ മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നുള്ള ധനസഹായവും നികുതി വിഹിതവും കുറയുകയാണുണ്ടായത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ സംസ്ഥാന തനത് റവന്യൂ വരവിലും കേന്ദ്ര വിഭവ കൈമാറ്റത്തിലും ലഭ്യമായ തുകയുടെയും വളർച്ചയുടെയും വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

(തുക കോടിയിൽ)

(വളർച്ച ശതമാനത്തിൽ)

| സാമ്പത്തിക വർഷം | സംസ്ഥാനത്തിന്റെ തനത് വരുമാനം | | കേന്ദ്ര നികുതി വിഹിതം | | കേന്ദ്ര ധനസഹായം | | ആകെ കേന്ദ്ര വിഹിതം | |
|---|---|---|---|---|---|---|---|---|
| | തുക | വളർച്ച | തുക | വളർച്ച | തുക | വളർച്ച | തുക | വളർച്ച |
| 2020-21 | 54988.15 | | 11560.4 | | 31068.3 | | 42628.68 | |
| 2021-22 | 68803.03 | 25.12 | 17820.09 | 54.15 | 30017.1 | -3.38 | 47837.21 | 12.22 |
| 2022-23 | 87086.12 | 26.57 | 18260.68 | 2.47 | 27377.9 | -8.79 | 45638.54 | -4.6 |
| 2023-24 | 90674.97 | 4.12 | 21742.92 | 19.07 | 12068.3 | -55.92 | 33811.18 | -25.92 |
| 2024-25 | 93128.81 | 2.71 | 24772.38 | 13.93 | 6959.87 | -42.33 | 31732.25 | -6.15 |

സംസ്ഥാനത്തിന്റെ തനത് നികുതി വരവും നികുതിയേതര വരവും കേന്ദ്ര നികുതി വിഹിതവും ധനസഹായവും ഉൾപ്പെടുന്നതാണ് സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരവ്. സംസ്ഥാനത്തിന്റെ തനത് വരവിൽ ഓരോ സാമ്പത്തിക വർഷവും മികച്ച വളർച്ച കൈവരിക്കുവാൻ സാധിച്ചതായി കഴിഞ്ഞ അഞ്ചു വർഷക്കാലയളവിലെ കണക്കുകളിൽ നിന്നും വ്യക്തമാണ്. എന്നാൽ കേന്ദ്ര നികുതി വിഹിതവും ധനസഹായവും ഉൾപ്പെടുന്ന ആകെ കേന്ദ്ര വിഹിതത്തിൽ ഓരോ വർഷവും കുറവ് വന്നിട്ടുള്ളതായും കാണാവുന്നതാണ്. ഇതിനുള്ള പ്രധാന കാരണം കേന്ദ്ര ധനസഹായത്തിൽ വന്നിട്ടുള്ള കുറവാണ്. റവന്യൂ കമ്മി നികത്തുന്നതിനുള്ള ഗ്രാന്റ്, ജി.എസ്.ടി. നഷ്ട പരിഹാരം എന്നിവ നിർത്തലാക്കിയത് മുഖേന വളരെ വലിയ നഷ്ടമാണ് റവന്യൂ വരവിൽ പ്രതിഫലിച്ചിട്ടുള്ളത്. കൂടാതെ, ഡിവിസിബിൾ പൂളിൽ നിന്നുള്ള കേന്ദ്ര നികുതി വിഹിതത്തിന്റെ ശതമാനത്തിൽ മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് കുറവുണ്ടായതും സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരവിന്റെ വർദ്ധനവിനെ പ്രതികൂലമായി ബാധിച്ച ഘടകങ്ങളിലൊന്നാണ്.

**(ബി)** വിവിധ ക്ഷേമപെൻഷനുകൾക്ക് സൗജന്യങ്ങൾ പാടില്ലെന്ന കേന്ദ്ര നിലപാട് സംസ്ഥാനം തള്ളിക്കളഞ്ഞിട്ടുണ്ടോ; വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ഒരു കുറവും വരുത്താതെ വികസന ലക്ഷ്യങ്ങളിലേക്ക് സംസ്ഥാനത്തെ നയിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ക്ഷേമരംഗങ്ങളിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്ന സംസ്ഥാനമാണ് കേരളം. അതിവിപുലമായ സാമൂഹ്യസുരക്ഷാ പദ്ധതികളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. നാളിതുവരെ ക്ഷേമ പെൻഷനായി

രണ്ടാം പിണറായി സർക്കാർ നൽകിയ തുക 48383.83 കോടി രൂപയാണ്. 62 ലക്ഷം ജനങ്ങൾക്ക് മുടക്കമില്ലാതെ എല്ലാ മാസവും 2000 രൂപ സാമൂഹ്യ സുരക്ഷാ പെൻഷൻ എത്തിക്കുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ, മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാപദ്ധതി, മുഖ്യ മന്ത്രിയുടെ കണക്റ്റ് റ്റു വർക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ മാത്രം ഒരു കോടി ആളുകളിലേയ്ക്കാണ് സർക്കാരിന്റെ സഹായം എത്തുന്നത്. അതായത്, ജനസംഖ്യയുടെ 30 ശതമാനം ആളുകൾക്ക് എല്ലാ മാസവും സർക്കാർ നേരിട്ട് സാമൂഹ്യ സുരക്ഷാ സഹായമെത്തിക്കുന്നു.

ഈ സർക്കാരിന്റെ കാലത്ത് ലൈഫ് പദ്ധതിയിലൂടെ 5,00,364 വീടുകൾ അർഹതപ്പെട്ടവർക്ക് നിർമ്മിച്ചു നൽകിയിട്ടുണ്ട്. കൂടാതെ, പുനർഗേഹം പദ്ധതിയിലൂടെ 3408 ഭവനങ്ങളും സർക്കാർ നിർമ്മിച്ചു നൽകുകയുണ്ടായി. കടക്കെണികളിൽ അകപ്പെട്ട് വീടുകളിൽ നിന്നും ഇറക്കി വിടുന്ന മനുഷ്യർക്കായി ഏക കിടപ്പാട സംരക്ഷണം നിയമം നടപ്പിലാക്കുകയുണ്ടായി.

സംസ്ഥാനത്ത് ഭരണ സംവിധാനങ്ങളുടെ പോലും കണ്ണിൽപ്പെടാതെ ജീവിക്കുന്ന അതിദരിദ്രരായ മനുഷ്യരുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനായി അതിദാരിദ്ര്യ നിർമാർജ്ജന പദ്ധതി നടപ്പിലാക്കി. കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയിലൂടെ ഒന്നരക്കോടിയോളം പേർക്ക് പ്രതി വർഷം അഞ്ച് ലക്ഷം രൂപ വരെ സൗജന്യ ചികിത്സ നൽകാൻ നാളിതുവരെ 4236.22 കോടി രൂപയാണ് സർക്കാർ ചെലവാക്കിയത്. കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് പുറത്തുള്ള 77,608 കുടുംബങ്ങൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതിയ്ക്കായി ചെലവഴിച്ചത് 606.5 കോടി രൂപയാണ്.

കേരള സർക്കാർ ബിസിനസ്സ് സൗഹൃദവും കാര്യക്ഷമവുമായ സാമ്പത്തിക അന്തരീക്ഷം വളർത്തിയെടുക്കുന്നതിനൊപ്പം ജനങ്ങളുടെ മൊത്തത്തിലുള്ള ജീവിതനിലവാരം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ഒരു "നവകേരളം" വിഭാവനം ചെയ്യുന്നു. കേരളത്തിന്റെ വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനും സാമ്പത്തിക വീണ്ടെടുക്കലിനും കേന്ദ്ര സർക്കാരുമായുള്ള സഹകരണവും ലഭ്യമായ വിഭവങ്ങളുടെ വിവേകപൂർണ്ണമായ വിനിയോഗവും അത്യന്താപേക്ഷിതമാണ്.

ഇത്തരത്തിൽ ക്ഷേമ പ്രവർത്തനങ്ങൾക്ക് ഒരു കുറവും വരുത്താതെ വികസന ലക്ഷ്യങ്ങളിലേക്ക് സംസ്ഥാനത്തെ നയിക്കാൻ ഈ സർക്കാർ പ്രതിജ്ഞാ ബദ്ധമാണ്.

**(സി)** നവ ഉദാര സാമ്പത്തികനയം നടപ്പാക്കിക്കൊണ്ടിരിക്കുന്ന രാജ്യത്ത് കൃത്യമായ ബദൽ വഴികൾ തേടിക്കൊണ്ട് സർക്കാർ പ്രവർത്തിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** നവ ഉദാരവൽക്കരണ സാമ്പത്തിക നയങ്ങൾ ഇന്ത്യയിൽ തീവ്രമായി നടപ്പാക്കപ്പെട്ടപ്പോഴും കേരള സർക്കാർ ജനക്ഷേമത്തിൽ അധിഷ്ഠിതമായ ഒരു ബദൽ വികസന മാതൃക (Kerala Model) ഉയർത്തിപ്പിടിക്കാൻ ശ്രമിക്കാറുണ്ട്. ഭൂപരിഷ്കരണം, എല്ലാവർക്കും വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, അധികാര വികേന്ദ്രീകരണം, വിപുലമായ സാമൂഹിക സുരക്ഷ പദ്ധതികൾ, പൊതുവിതരണ സമ്പ്രദായം, കുടുംബ ശ്രീ പോലുള്ള സ്ത്രീ ശാക്തീകരണ പരിപാടികൾ തുടങ്ങിയ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമ-നഗര ദാരിദ്ര്യത്തിന്റെ തോത് കുറയ്ക്കുന്നതിൽ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ഭരണ സംവിധാനങ്ങളുടെ പോലും കണ്ണിൽപ്പെടാതെ ജീവിക്കുന്ന അതിദരിദ്രരായ മനുഷ്യരുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനായി അതിദാരിദ്ര്യ നിർമാർജ്ജന പദ്ധതി നടപ്പിലാക്കി.

അവശ്യവസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും പൊതു വിതരണ സംവിധാനം (പി.ഡി.എസ്.) ശക്തിപ്പെടുത്തുന്നതിനുമുള്ള വ്യവസ്ഥാപിതമായ സമീപനമാണ് സർക്കാർ സ്വീകരിച്ചു പോരുന്നത്. വിപണിവില നിയന്ത്രണങ്ങളെ ആശ്രയിക്കുന്നതിനുപകരം, ഭക്ഷ്യവില സമ്മർദങ്ങൾ കുറയ്ക്കുന്നതിന് സബ്സിഡി ഭക്ഷ്യധാന്യങ്ങളുടെ വലിയ തോതിലുള്ള വിതരണവും പൊതുവിതരണ സമ്പ്രദായത്തിലൂടെ (TPDS) ദേശീയ ഭക്ഷ്യഭദ്രതാ നിയമം (NFSA) നടപ്പിലാക്കി കൊണ്ട് സർക്കാർ മുന്നോട്ട് പോകുന്നു. വിപണിയിലെ വിലക്കയറ്റത്തിൽ നിന്നും വലിയൊരു വിഭാഗം

കുടുംബങ്ങളെ സംരക്ഷിക്കുന്നതിനായി, മിതമായ നിരക്കിൽ ഗുണനിലവാരമുള്ള ഭക്ഷണം ഉറപ്പാക്കി സംസ്ഥാനത്ത് ഭക്ഷ്യ-പോഷക സുരക്ഷ സർക്കാർ ഉറപ്പുവരുത്തുന്നുണ്ട്.

ദേശീയ നയം സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതും അതേ സമയം ഫാക്ടറികളുടെ വളർച്ചയെ പരിപോഷിപ്പിക്കുന്ന പുനർനിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാത്തതും, അവയുടെ അടച്ചു പൂട്ടലിനെ ത്വരിതപ്പെടുത്തുന്നതുമാണ്. എന്നാൽ, കേരളം, സർക്കാർ ഉടമസ്ഥതയിലുള്ള ഫാക്ടറികൾ നിലനിർത്തി സുസ്ഥിരത ഉറപ്പു വരുത്തുന്നു. കേരളത്തിന്റെ വ്യാവസായിക, തൊഴിൽ ആവാസ വ്യവസ്ഥയുടെ ഒരു പ്രധാന ഭാഗമാണ് പൊതുമേഖലാ സ്ഥാപനങ്ങൾ. അവയെ പുനരുജ്ജീവിപ്പിച്ചു കൊണ്ട് സംസ്ഥാനത്തിനുള്ളിൽ തൊഴിൽ സംരക്ഷണം ഉറപ്പാക്കി, പ്രാദേശിക വ്യാവസായിക വികസനം, മൂല്യ വർദ്ധനവ് എന്നിവ ഉറപ്പു വരുത്തുകയും ചെയ്യുന്നു. നന്നായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാനും ആയതിലൂടെ വികസന ലക്ഷ്യങ്ങളിലേയ്ക്ക് എത്തിച്ചേരാനും സർക്കാർ ശ്രമിച്ചു പോരുന്നു.

പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മെച്ചപ്പെട്ട വ്യാവസായിക ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി, സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു. സർക്കാരിന്റെ സംരംഭക വർഷ കാമ്പയിനും, സ്റ്റെയിൽ അപ്പ് കാമ്പയിനും, സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ ആവേശം ജനിപ്പിക്കുകയും ഒരു ചലനാത്മകതയ്ക്ക് കാരണമാകുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സംയോജിത പ്രവർത്തനങ്ങൾ, വിവിധ മേഖലകളിലെ ശേഷി വർദ്ധിപ്പിക്കൽ, സാങ്കേതിക കൈമാറ്റം, ഗുണനിലവാര നിയന്ത്രണത്തിനായി കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ സ്ഥാപിക്കൽ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിലൂടെ വരുംദിവസങ്ങളിൽ സുസ്ഥിരമായ ഒരു വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാർ പദ്ധതിയിടുന്നു. മുന്നോട്ടുപോകുമ്പോൾ, നമ്മുടെ നേട്ടങ്ങൾ ഏകീകരിക്കുകയും പുതിയ സാധ്യതകൾ പര്യവേക്ഷണം ചെയ്യുകയും, ദേശീയ അന്തർദേശീയ തലങ്ങളിൽ വ്യാവസായിക ആവാസവ്യവസ്ഥയിലെ വിശാലമായ സംഭവവികാസങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. വ്യാവസായിക മേഖലയിൽ നിന്ന് ഉയർന്നുവരുന്ന അനുകൂലഘടകങ്ങൾ ഭാവിയിൽ ഈ മേഖലയിലെ മികച്ച നേട്ടങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു.

കേരളത്തിന്റെ മനുഷ്യ വിഭവ വികസനത്തിലും സാമ്പത്തിക പുരോഗതിയിലും പൊതുജനാരോഗ്യ സംവിധാനം നിർണ്ണായക പങ്ക് വഹിക്കുന്നു. ഗ്രാമീണ, ഗോത്ര വർഗ്ഗ, നഗര ആരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്തി, സ്ത്രീകൾ, കുട്ടികൾ, അതിഥി തൊഴിലാളികൾ എന്നിവരുടെ ആവശ്യങ്ങൾ പരിഹരിച്ച്, ചികിത്സ ചെലവ് കുറയ്ക്കുന്നതിനായി ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ വ്യാപിപ്പിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതിക വിദ്യ, വിദഗ്ധ മനുഷ്യ വിഭവ ശേഷി എന്നിവയിൽ തുടർച്ചയായ നിക്ഷേപം നടത്തിയും വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ സംസ്ഥാന സർക്കാർ പ്രവർത്തിച്ചു വരികയാണ്. പ്രതിരോധ ചികിത്സയും സാമൂഹിക പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ പൊതുജനാരോഗ്യ രംഗത്ത് രാജ്യത്തിന് കേരളം മാതൃകയാണ്.

ഇന്ത്യയിലെ ഏറ്റവും വലിയ സ്ത്രീ ശാക്തീകരണ പദ്ധതികളിൽ ഒന്നായ കുടുംബശ്രീ മിഷൻ കേരളത്തിന്റെ വനിതാ വികസനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. പ്രാദേശിക ഭരണകൂടങ്ങളിലെ ഗണ്യമായ സ്ത്രീപ്രാതിനിധ്യം, പരിശീലനം, സംരംഭകത്വ പിന്തുണ, വിദ്യാഭ്യാസം എന്നിവയിലൂടെ ലക്ഷക്കണക്കിന് സ്ത്രീകളെ ശാക്തീകരിക്കുന്നത് കുടുംബശ്രീയുടെ നിരന്തരമായ ഇടപെടലിന്റെയും പ്രാദേശിക തലത്തിൽ സ്ത്രീകളുടെ രാഷ്ട്രീയവൽക്കരണം വർദ്ധിച്ചതിന്റെയും പ്രതിഫലനമാണ്. ഇതോടൊപ്പം വിവിധ തരം സാമൂഹ്യ സുരക്ഷ പദ്ധതികളിലൂടെ സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ജനങ്ങളെ വികസനത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് കൊണ്ടുവരാനും ശ്രമിച്ചു വരുന്നു.

**(ഡി)** കേന്ദ്ര ധനകമ്മീഷൻ നിശ്ചയിച്ച സമയക്രമം അനുസരിച്ചുള്ള ധനദൃഢീകരണ പ്രവർത്തനങ്ങൾ സംസ്ഥാനം വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമല്ലാത്ത പല കാരണങ്ങളാലും സംസ്ഥാനം പണഞെരുക്കം അഭിമുഖീകരിച്ചപ്പോഴും ധന സംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ടിൽ പരാമർശിക്കുന്നതും പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്നതുമായ ധനദൃഢീകരണ പാതയ്ക്കുള്ളിൽ തന്നെ ധനസ്ഥിതി നിലനിർത്താൻ

സംസ്ഥാനം ശ്രമിച്ചുപോരുന്നുണ്ട്. 2021-22 മുതൽ 2023-24 വരെ ധനകമ്മി-ജി.എസ്.ഡി.പി. അനുപാതം ധന സംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമം അനുശാസിക്കുന്ന പരിധിക്കുള്ളിൽ നിലനിർത്താനായിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.

(ശതമാനത്തിൽ)

| **ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും.** | | | | | | |
|---|---|---|---|---|---|---|
| **സാമ്പത്തിക വർഷം** | **റവന്യൂകമ്മി/ ജി.എസ്.ഡി.പി.** | | **ധനകമ്മി/ ജി.എസ്.ഡി.പി.** | | **കടം/ ജി.എസ്.ഡി.പി.** | |
| | **ലക്ഷ്യം** | **കൈവരിച്ചത്** | **ലക്ഷ്യം** | **കൈവരിച്ചത്** | **ലക്ഷ്യം** | **കൈവരിച്ചത്** |
| 2021-22 | -0.5 | 2.25 | 4.5 | 4.04 | 34.7 | 36.31 |
| 2022-23 | -0.8 | 0.89 | 4 | 2.46 | 34.5 | 34.87 |
| 2023-24 | -1.2 | 1.6 | 3.5 | 3.02 | 33.7 | 34.52 |
| 2024-25 | -1.7 | 2.49 | 3.5 | 3.86 | 32.8 | 34.87 |
| 2025-26 | -2.5 | 2.58 (R.E.) | 3.5 | 3.78 (R.E.) | 32 | 34.26 (R.E.) |

**സെക്ഷൻ ഓഫീസർ**